**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1952** **02-02-2024 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂരിൽ കെ.എസ്.ആർ.ടി.സി.ക്ക് പുതിയ സർവീസുകൾ അനുവദിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിനു മുൻപ് കെ.എസ്.ആർ.ടി.സി. തൃശ്ശൂർ സ്റ്റാന്റിൽ നിന്നും നടത്തിയ സർവീസുകൾ പലതും കോവിഡിനു ശേഷം സർവീസ് നടത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പരിശോധിച്ചുവരുന്നു. |
| (ബി) | തൃശ്ശൂർ വടക്കേ സ്റ്റാന്റിൽ നിന്നും വൈകുന്നേരം 5 മണിക്ക് ശേഷം, കൊടകര, ചാലക്കുടി, മുപ്ലിയം, വെള്ളിക്കുളങ്ങര, മാള ഭാഗത്തേയ്ക്ക് സർവീസ് നടത്തിയിരുന്നതു പലതും നിർത്തലാക്കിയതുമൂലം ഉണ്ടായിട്ടുള്ള യാത്രാ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ വൈകുന്നേരം 5 മണിക്ക് ശേഷം അയ്യന്തോൾ, വടക്കേ സ്റ്റാന്റ് എന്നിവിടങ്ങളിൽ നിന്നും കൊടകര, മുപ്ലിയം, ചീമ്മിനി, വെള്ളിക്കുളങ്ങര തുടങ്ങിയ ഭാഗത്തേയ്ക്ക് കൂടുതൽ ഓർഡിനറി ബസ്സുകൾ സർവീസ് നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | പുതുക്കാട് ഡിപ്പോയിൽ നിന്ന് കൊടക്കര, മുപ്ലിയം, വെള്ളിക്കുളങ്ങര ഭാഗങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി നിലവിൽ സർവീസ് നടത്തി വരുന്നു. എന്നാൽ അയ്യന്തോൾ, ചീമ്മിനി ഭാഗങ്ങളിലേയ്ക്ക് നിരവധി സ്വകാര്യ ബസ്സുകൾ സർവീസ് നടത്തുന്നതിനാൽ പൊതുഗതാഗത സൗകര്യം നിലവിൽ ലഭ്യമാണ്. ആയതിനാൽ ടി മേഖലയിൽ വരുമാന ലഭ്യത ഉറപ്പുവരുത്തി കെ.എസ്. ആർ. ടി.സി സർവീസുകൾ ആരംഭിക്കുന്ന കാര്യം സാദ്ധ്യതാപഠനം നടത്തി പരിശോധിക്കുന്നതാണ്. |
| (സി) | പുതുക്കാട് കെ.എസ്.ആർ.ടി.സി. സ്റ്റാന്റിൽ നിന്നും കൂടുതൽ സർവീസുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | പുതുക്കാട് ഡിപ്പോയിൽ നിന്ന് കൊടക്കര, മുപ്ലിയം, വെള്ളിക്കുളങ്ങര ഭാഗങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി നിലവിൽ സർവീസ് നടത്തി വരുന്നു. എന്നാൽ അയ്യന്തോൾ, ചീമ്മിനി ഭാഗങ്ങളിലേയ്ക്ക് നിരവധി സ്വകാര്യ ബസ്സുകൾ സർവീസ് നടത്തുന്നതിനാൽ പൊതുഗതാഗത സൗകര്യം നിലവിൽ ലഭ്യമാണ്. ആയതിനാൽ ടി മേഖലയിൽ വരുമാന ലഭ്യത ഉറപ്പുവരുത്തി കെ.എസ്. ആർ. ടി.സി സർവീസുകൾ ആരംഭിക്കുന്ന കാര്യം സാദ്ധ്യതാപഠനം നടത്തി പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ